പതിനാലാം കേരള നിയമസഭ

സബ്ജക്ട് കമ്മിറ്റി I

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

'ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ചു വരുന്ന പദ്ധതികൾ' എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1)(iii) പ്രകാരമുള്ളത്]

2018 ഡിസംബർ 13-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

സബ്ജക്ട് കമ്മിറ്റി I

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

'ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത
ഭക്ഷണം ഉറപ്പ് വരുത്തുന്നതിനും കൃഷി വകുപ്പ്
ആവിഷ്ക്കരിച്ച് വരുന്ന പദ്ധതികൾ' എന്ന
വിഷയം സംബന്ധിച്ച റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1)(iii)പ്രകാരമുള്ളത്]

1696/2018.

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
അവതാരിക	..	vii
റിപ്പോർട്ട്	..	1

സബ്ജക്ട് കമ്മിറ്റി I

(കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)
(2016-2018)

ഘടന

ചെയർമാൻ :

ശ്രീ. വി. എസ്. സുനിൽകുമാർ,
കൃഷി വകുപ്പ് മന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,
മത്സ്യബന്ധനവും ഹാർബർ എൻജിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി

അംഗങ്ങൾ:

ശ്രീ. പാറക്കൽ അബ്ദുല്ല, എം.എൽ.എ.

ശ്രീ. എ. പി. അനിൽകുമാർ, എം.എൽ.എ.

ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.

ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

അവതാരിക

"ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ചു വരുന്ന പദ്ധതികൾ" എന്ന വിഷയം സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) ന്റെ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 1-8-2018-ലെ യോഗത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1)(iii) പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2018 ഡിസംബർ 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. എസ്. സുനിൽ കുമാർ,
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി I.

തിരുവനന്തപുരം,
2018 ഡിസംബർ 12.

റിപ്പോർട്ട്

മണ്ണിന്റെയും മനുഷ്യന്റെയും ആവാസവ്യവസ്ഥയുടെയും ആരോഗ്യം നിലനിർത്തുന്നതും ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ എന്നിവയെ ആശ്രയിക്കുന്നതും രാസവളങ്ങൾ, ഹാനികരമായ രാസ കീടനാശിനികൾ, ചെടി വളർച്ചാ നിയന്ത്രണ വസ്തുക്കൾ, ജനിതകമാറ്റം വരുത്തിയ വിത്തുകൾ എന്നിവ ഉപയോഗിക്കാതെയുമുള്ള കൃഷി രീതിയാണ് ജൈവ കൃഷി അഥവാ Organic Farming.

2. പരിസ്ഥിതിയുടെ സ്വാഭാവിക പ്രക്രിയകൾ, ജൈവ വൈവിധ്യം, ചംക്രമണം തുടങ്ങിയ പ്രാദേശിക അവസ്ഥകൾക്ക് അനുരൂപമായതിനെ മാത്രമേ ഈ കൃഷി രീതി ആശ്രയിക്കുന്നുള്ളൂ. പരമ്പരാഗത രീതികളും പുത്തൻ കണ്ടെത്തലുകളും ശാസ്ത്രീയ രീതികളും സംയോജിപ്പിച്ചു കൊണ്ട് പരിസ്ഥിതിയിലെ എല്ലാ വിഭാഗത്തിനും ഉപകാരപ്പെടും വിധത്തിൽ പാരിസ്ഥിതിക ബന്ധവും ഉന്നത നിലവാരത്തിലുള്ള ജീവിതവും ഈ കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നു.

3. ജൈവ കൃഷിയുടെ പ്രധാന ലക്ഷ്യം പോഷകസമൃദ്ധവും ആരോഗ്യകരവും വിഷാംശം തീരെയില്ലാത്തതുമായ ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനമാണ്. കാർഷിക ജൈവവൈവിധ്യം സംരക്ഷിച്ചുകൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കാലാകാലങ്ങളിൽ സംരക്ഷിക്കപ്പെട്ട പരമ്പരാഗതവും സ്വാഭാവികവുമായ കൃഷി രീതികൾ തന്നെയാണ് ജൈവകൃഷിയുടെയും അടിസ്ഥാനം. ഭക്ഷ്യസുരക്ഷ പോലെ തന്നെ സുപ്രധാനമാണ് സുരക്ഷിതമായ ഭക്ഷണവും.

4. പതിനെട്ടാം നൂറ്റാണ്ടിലാണ് കൃത്രിമ വളങ്ങൾ ഉപയോഗിച്ചുള്ള കൃഷിരീതി വികസിപ്പിക്കപ്പെട്ടത്. ചെലവു കുറഞ്ഞതും ഉപയോഗിക്കാൻ എളുപ്പമായതുമായ ഇവയ്ക്കൊപ്പം 1940 കളിൽ രാസകീടനാശിനികളും വ്യാപകമായ തോതിൽ സ്വീകാര്യമായിത്തുടങ്ങി. കീടനാശിനികളുടെ ഉപയോഗത്തിലുണ്ടായ ഈ വർദ്ധന ഈ ദശാബ്ദത്തെ കീടനാശിനി കാലഘട്ടം (Pesticidal Era) എന്നു പരാമർശിക്കപ്പെടുന്നതിലേയ്ക്കുവരെ നയിച്ചു. ലോകത്ത് ഭക്ഷ്യസമ്പത്തിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവരാൻ സഹായകമായിത്തീർന്ന ഈ കൃഷിരീതിക്ക് അക്കാലത്തെ അതിഭീകരമായ ക്ഷാമം മൂലമുണ്ടായ പട്ടിണി മരണങ്ങളെ മറികടക്കാൻ വളരെയധികം സാധിച്ചു എന്നത് വിസ്മരിക്കാനാവാത്ത യാഥാർത്ഥ്യം തന്നെയാണ്.

5. എന്നാൽ പിൽക്കാലത്ത് കീടനാശിനികളുടെയും രാസവളങ്ങളുടെയും അമിതോപയോഗവും അശാസ്ത്രീയമായിത്തീർന്ന കൃഷിരീതിയും ഗുണത്തേക്കാളേറെ മനുഷ്യനും ആവാസ വ്യവസ്ഥക്കും ദോഷം ചെയ്യാൻ തുടങ്ങിയത് ലോകം തിരിച്ചറിയുകയും 1990 മുതൽ തന്നെ ജൈവകൃഷി ഉത്പന്നങ്ങൾ വിപണിയിൽ വ്യാപകമാകുകയും ചെയ്തുതുടങ്ങി. ഇന്ന് ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ഓർഗാനിക് അഗ്രിക്കൾച്ചർ മൂവ്മെന്റ് (IFOAM) എന്ന അന്തർദേശീയ സംഘടനയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ജൈവകൃഷിരീതി നിയന്ത്രിക്കുകയും നിയമപരമായി നടപ്പാക്കുകയും ചെയ്യുന്ന രാജ്യങ്ങൾ നിരവധിയാണ്.

6. നിലവിൽ ഇന്ത്യൻ ആഭ്യന്തര വിപണിയിൽ ജൈവ ഭക്ഷ്യവസ്തുക്കളുടെ വിപണി ഏതാണ്ട് 300 മുതൽ 400 കോടി രൂപ വരെയാണ്. എന്നാൽ കയറ്റുമതി വിപണി ഇതിന്റെ ആറിരട്ടിയിലധികമാണ്. പ്രതിവർഷം 2500 കോടി രൂപയുടെ ജൈവ ഭക്ഷ്യവസ്തുക്കൾ ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്യപ്പെടുന്നുണ്ട്. ലോക നിലവാരത്തിലുള്ള ഉത്പന്നങ്ങൾ അവതരിപ്പിക്കുന്നതിലൂടെ മാത്രമേ കയറ്റുമതിയുടെ തോത് വർദ്ധിപ്പിക്കാനാകൂ. ഓരോ രാജ്യത്തും പ്രത്യേകം സ്റ്റാന്റേർഡുകളാണ് നിശ്ചയിച്ചിട്ടുള്ളതെന്നും അതത് രാജ്യത്തെ സ്റ്റാൻഡേർഡ് അനുസരിച്ചുള്ള ഉത്പന്നങ്ങൾ മാത്രമേ കയറ്റുമതി ചെയ്യാനാകൂ എന്നതിനാൽ എല്ലാ രാജ്യങ്ങൾക്കും തൃപ്തികരമായ സ്റ്റാൻഡേർഡിൽ ഉൽപ്പാദിപ്പിക്കുക എന്നതാണ് കൃഷി വകുപ്പ് നേരിടുന്ന വെല്ലുവിളിയെന്നും എന്നാൽ മാത്രമേ ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് കയറ്റുമതി ചെയ്യാനാകൂവെന്നും സമിതി മനസ്സിലാക്കുന്നു. ആഭ്യന്തര വിപണിയിൽ സർട്ടിഫിക്കേഷൻ നിർബന്ധമില്ലെങ്കിലും കയറ്റുമതിക്ക് സർട്ടിഫിക്കേഷൻ കൂടിയേ തീരൂ.

7. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നിബന്ധന പ്രകാരം GAP (Good Agricultural Practice) സർട്ടിഫിക്കേഷനുള്ള ജൈവഉല്പന്നങ്ങൾ മാത്രമേ വിപണനം നടത്താൻ സാധിക്കുകയുള്ളൂവെന്നും കേരളത്തിൽ ഇത് കൃഷി വകുപ്പിലുള്ള ഏജൻസികൾ നടപ്പാക്കി വരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു.

8. കേരള സർക്കാർ 2010 വർഷത്തിൽ ജൈവ കാർഷികനയം പ്രഖ്യാപിക്കുകയുണ്ടായി. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള ജൈവ കാർഷിക നയത്തിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി ജൈവ കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും മണ്ണ്, ജലം എന്നിവയുടെ സംരക്ഷണം ഉറപ്പുവരുത്തുക വഴി പാരിസ്ഥിതിക സംരക്ഷണത്തിനും സുസ്ഥിര കൃഷിക്കുമായി മിശ്രിത കൃഷി രീതി പ്രോത്സാഹിപ്പിക്കുകയും അങ്ങനെ കാർഷിക മേഖലയിലെ ജൈവ വൈവിധ്യം സംരക്ഷിക്കുകയും അതുവഴി സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തുകയും ചെയ്യുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നതായും സമിതി നിരീക്ഷിക്കുന്നു. നാളിതുവരെ ഉത്തമകൃഷിമുറകൾ പാലിച്ചുകൊണ്ട് 25195 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കിയിട്ടുള്ളതായും ഈ വർഷം 6575 ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടത്താനുദ്ദേശിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 75,000 രൂപ വരെ ധനസഹായവും ലഭ്യമാക്കുന്നുണ്ട്.

9. ജൈവകൃഷി നയത്തിന്റെ ഭാഗമായി, കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും GAP സർട്ടിഫിക്കേഷന്റെ ഗുണനിലവാരം നിശ്ചയിക്കുന്നതിനും, മണ്ണിന്റെ സ്വാഭാവിക ഘടന നിലനിർത്തുന്നതിനുമായി GAP കുട്ടനാട് പദ്ധതി ഈ വർഷം നടപ്പാക്കാനും തൃശ്ശൂർ കോൾപാടങ്ങളിലെ 10,000 ഹെക്ടർ സ്ഥലത്ത് സെക്കന്റ് ക്രോപ്പ് ജൈവരീതിയിൽ ഉല്പാദിപ്പിക്കാനും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. നിരന്തരമായ രാസവള പ്രയോഗത്താൽ മണ്ണിന്റെ ഘടനയിൽ ഉണ്ടായ മാറ്റം കാരണം ഉത്പാദനം കുറയുന്ന എന്നവിലയിരുത്തിയ സമിതി മേൽപ്പറഞ്ഞ പദ്ധതികളിലൂടെ മണ്ണിന്റെ ഘടന തിരിച്ചുകൊണ്ടുവരാനാവും എന്ന് പ്രത്യാശിക്കുന്നു.

10. ജൈവകൃഷി പ്രോത്സാഹനത്തിനായി 60:40 എന്ന അനുപാതത്തിൽ 'പരമ്പരാഗത കൃഷി വികാസ് യോജന' എന്ന പദ്ധതി കേരളത്തിൽ നടപ്പാക്കിയിരിക്കുകയാണെന്നും പ്രസ്തുത പദ്ധതി പ്രകാരം ജൈവകൃഷി വ്യാപനം നടത്തുന്നതിന് ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ടെന്നും മൂന്നു വർഷം പദ്ധതി കാലാവധിയുള്ള പി.കെ.വി.വൈ. പദ്ധതി പ്രകാരം മൂന്ന് വർഷങ്ങളിലായി ക്ലസ്റ്ററൊന്നിന് 14.95 ലക്ഷം രൂപയുടെ ധനസഹായമാണ് നൽകുന്നതെന്നും പ്രധാനമായും കർഷകർക്കുള്ള ബോധവൽക്കരണ ക്ലാസുകൾ, ക്ലസ്റ്റർ മെമ്പർക്കുള്ള പരിശീലന പരിപാടികൾ, ജൈവ ഉല്പാദനോപാധികളുടെ നിർമ്മാണം, പഞ്ചഗവ്യം, ജീവാമൃതം എന്നിവ ഉല്പാദിപ്പിക്കൽ, മണ്ണ് പരിശോധന, ജൈവകൃഷി, സംയോജിത ജൈവ വള പ്രയോഗം, ജൈവ രോഗ കീടനിയന്ത്രണ മാർഗ്ഗങ്ങൾ, വെർമി കംമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ, ഓർഗാനിക് മേളകൾ സംഘടിപ്പിക്കൽ, ഉല്പന്നങ്ങളിലെ അവശിഷ്ട വിഷാംശ പരിശോധന, മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം മുതലായവയാണ് പ്രധാന പ്രവർത്തനങ്ങളെന്നും ഉല്പന്നങ്ങൾക്ക് PGS സർട്ടിഫിക്കേഷൻ നൽകുക വഴി ജൈവ ഉല്പന്നങ്ങളുടെ വിശ്വാസ്യത ഉറപ്പിക്കുന്നതിനോടൊപ്പം കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനും സഹായകമാകുന്നുവെന്നും സമിതി വിലയിരുത്തി. പ്രസ്തുത പദ്ധതിയിൽ ഏഴു ജില്ലകളിലായി വിവിധ മേഖലകളിൽ 50 ഏക്കർ മുതൽ 1200 ഏക്കർ വരെയുള്ള ക്ലസ്റ്ററുകളും ജൈവഗ്രാമങ്ങളുമടക്കം 610 ക്ലസ്റ്ററുകൾ രൂപീകരിച്ച് നെൽകൃഷി, പച്ചക്കറി കൃഷി, പഴവർഗ്ഗങ്ങളുടെ കൃഷി, തെങ്ങുകൃഷി എന്നിങ്ങനെ സോണുകളായി തിരിച്ച് പ്രവർത്തനങ്ങൾ നടത്താനും തീരുമാനിച്ചിരിക്കുന്നു എന്നും സമിതി നിരീക്ഷിച്ചു.

11. കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി, ജില്ലാ പഞ്ചായത്തിന്റെ ഉഴവു കൂലിയുടെ പദ്ധതി, സെക്കന്റ് ക്രോപ്പിന് 10,000 രൂപ വരെ നൽകുന്ന പദ്ധതി, ഷോർട്ട് ഡ്യൂറേഷൻ വിത്തുകൾ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി, ജൈവവളം ലഭ്യമാക്കുന്നതിനായി കുടുംബശ്രീ യൂണിറ്റുകൾ വഴി ചാണകം ഡയറിഫാമുകളിൽ നിന്നു ശേഖരിച്ച് സമ്പുഷ്ടീകരിച്ച് പാക്കറ്റുകളിലാക്കി വിപണനം നടത്തുന്ന പദ്ധതി എന്നിവയും സർക്കാർ നടത്തിവരുന്നു എന്നും വരും വർഷങ്ങളിൽ GAP പദ്ധതി കുറച്ചുകൂടി വിപുലീകരിക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു.

കർഷകർക്ക് ജൈവവളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 1622 റ്റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിക്കുകയും VFPCK മുഖാന്തിരം 72 ലക്ഷം രൂപ ചെലവഴിച്ച് ജൈവവള നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ PKVY പദ്ധതിയിൽ 2500 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ കൃഷിയിടങ്ങളിൽ സ്ഥാപിച്ചു കഴിഞ്ഞുവെന്നും ഈ വർഷം പുതുതായി 2700 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചുവെന്നും സമിതി കണ്ടെത്തി.

12. കൂടാതെ കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി VFPCK മുഖാന്തിരം പി.ജി.എസ്. സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നതായും 1000 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 6000 രൂപ എന്ന ക്രമത്തിൽ ഇതിനായി ധനസഹായം നൽകുന്നുണ്ടെന്നും ഈ ഇനത്തിൽ 60 ലക്ഷം രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ടെന്നും സമിതി വിലയിരുത്തി. കൂടാതെ സംസ്ഥാനത്തുടനീളം ജൈവകൃഷി സംബന്ധിക്കുന്ന 152 ഫാം സ്കൂൾ സ്ഥാപിക്കുന്നതിനും മറ്റ് പരിശീലന പരിപാടികൾക്കുമായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ആയതിന്റെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണെന്നും സമിതി മനസ്സിലാക്കുന്നു.

13. ജൈവക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളും GAP സർട്ടിഫിക്കേഷനുള്ള ഉല്പന്നങ്ങളും വിപണനം ചെയ്യുന്നതിനായി ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നുണ്ടെന്നും പ്രസ്തുത തുകയിൽ കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾക്ക് ന്യായവില നൽകുന്നതിനുള്ള തുകയും ഉൾപ്പെടുത്തിയാണ് നൽകി വരുന്നത് എന്നും 2017-18 സാമ്പത്തിക വർഷം വരെ 214 ഇക്കോഷോപ്പുകൾ സ്ഥാപിച്ചുവെന്നും ഇക്കോഷോപ്പുകൾ മുഖേന GAP സർട്ടിഫിക്കേഷനുള്ള ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഇൻഡ്യയിലാദ്യമായി 'കേരള ഓർഗാനിക് ' എന്ന ബ്രാൻഡ് രജിസ്റ്റർ ചെയ്തുവെന്നും എല്ലാ രാജ്യങ്ങളുടെയും സ്റ്റാന്റേഡൈസേഷന് അനുയോജ്യമായ രീതിയിൽ ജൈവ ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് കയറ്റുമതി ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ കൃഷി വകുപ്പ് തുടർന്നുവരുന്നു എന്നുള്ളതും വകുപ്പിന്റെ ഭാഗത്തുനിന്നുമുള്ള പ്രവർത്തനങ്ങളായി സമിതി നിരീക്ഷിച്ചു. നാളിതുവരെ ഉത്തമകൃഷിമുറകൾ പാലിച്ചുകൊണ്ട് 25195 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കിയതായി സമിതി വിലയിരുത്തി.

14. ആന്ധ്രാപ്രദേശിലും തെലുങ്കാനയിലും പതിനായിരക്കണക്കിന് ഹെക്ടർ ഭൂമിയിൽ നടപ്പിലാക്കിയിരിക്കുന്ന ശ്രീ. സുഭാഷ് പലേക്കറുടെ 'സീറോ ബഡ്ജറ്റ് ഫാമിംഗ് ' എന്ന കൃഷി രീതിയെക്കുറിച്ചും സമിതി ചർച്ച ചെയ്തു. ഒരു ഐ.എ.എസ്. ഓഫീസറുടെ മേൽ നോട്ടത്തിൽ കേന്ദ്ര ഫണ്ടും മറ്റും ഇന്റഗ്രേറ്റ് ചെയ്തുകൊണ്ടുള്ള ടി പദ്ധതിയിൽ, പത്ത് ഏക്കർ ഉള്ള ഒരു വ്യക്തി 1 ഏക്കറിൽ കൃഷി ചെയ്ത് വിജയിച്ചാൽ മാത്രമേ 10 ഏക്കറിൽ കൃഷി ചെയ്യുള്ളൂവെന്നും ആയതുപോലെ 1000 ഏക്കർ കൃഷി ഭൂമിയുള്ള ഒരു പഞ്ചായത്തിൽ നൂറ് ഏക്കർ കൃഷി ചെയ്ത് വിജയിച്ചാലേ ആ രീതി മുഴുവനായിട്ടും നടപ്പാക്കുകയുള്ളൂവെന്നും പ്രസ്തുത പദ്ധതി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പാക്കുന്നത് അനുയോജ്യമായിരിക്കുമെന്നും സമിതി വിലയിരുത്തുന്നു.

15. കൂട്ടായ ജൈവ കാർഷിക പ്രവർത്തനങ്ങൾക്ക് ഹെക്ടറിന് 3,000 രൂപ ധനസഹായം കർഷകർക്ക് നൽകുന്നുണ്ടെന്നും ഈ വർഷം 6575 ഹെക്ടർ സ്ഥലത്ത് (263 ക്ലസ്റ്റർ) പദ്ധതി നടപ്പിലാക്കുന്നതായും ക്ലസ്റ്റർ ഒന്നിന് 75,000 രൂപ വരെ ധനസഹായം

നൽകുന്നുണ്ടെന്നും കഴിഞ്ഞ സാമ്പത്തിക വർഷം സ്ഥാപിച്ചതിൽ 149 ഇക്കോഷോപ്പുകളുടെ പ്രവർത്തനങ്ങൾക്കായി 1 ലക്ഷം രൂപ വീതം അനുവദിക്കുന്നുണ്ടെന്നും നടപ്പ് സാമ്പത്തിക വർഷം 33 പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നുണ്ടെന്നും ഈ ഇക്കോഷോപ്പുകൾ വഴി കർഷകരുടെ ജൈവ ക്ലസ്റ്ററുകൾ ഉല്പാദിപ്പിച്ച ഉല്പന്നങ്ങളുടെ സംഭരണവും വിപണനവും നടക്കുന്നുണ്ടെന്നും കൂടാതെ കർഷകർക്ക് ഗുണനിലവാരമുള്ള ഉല്പാദനോപാധികളായ ജൈവവളം, ജൈവ കീടനാശിനികൾ എന്നിവ വിതരണം ചെയ്ത് വരുന്നതായും സമിതി വിലയിരുത്തുന്നു.

16. ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും പ്രധാനമായും റസിഡൻസ് അസോസിയേഷനുകൾ, മറ്റ് നഗര പ്രദേശങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് വിപണനം ആരംഭിച്ചിട്ടുള്ളതെന്നും സമിതി നിരീക്ഷിച്ചു

17. ക്ലസ്റ്ററിലുള്ള കൃഷിക്കാർക്കേ GAP സർട്ടിഫിക്കേഷൻ നൽകാൻ കഴിയുവെന്നും എന്നാൽ ഇപ്പോൾ മറ്റ് ജൈവ കർഷകരെക്കൂടി ഉൾപ്പെടുത്തി വരുന്നുണ്ടെന്നും കൂടാതെ ഇക്കോഷോപ്പ് കമ്മിറ്റിക്ക് കർഷകരുടെ ഉത്പന്നങ്ങൾ വാങ്ങുന്നതിനും മറ്റുമായി റിവോൾവിംഗ് ഫണ്ട് നൽകുന്നുണ്ടെന്നും പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) ആണ് GAP സർട്ടിഫിക്കേഷന്റെ അതോറിറ്റിയെന്നും കേന്ദ്രസർക്കാരിന്റെ പുതിയ നിയമം വന്നപ്പോൾ സർട്ടിഫിക്കേഷൻ നൽകുന്ന പ്രക്രിയ കൂടുതൽ ക്രമവൽക്കരിക്കപ്പെട്ടിട്ടുണ്ടെന്നും സമിതി കണ്ടെത്തി.

18. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിൽ 93 ശതമാനവും കീടനാശിനി വിമുക്തമാണെന്നും ഏറ്റവും കൂടുതൽ കീടനാശിനി പ്രയോഗമുള്ള കുട്ടനാട്, കോൾ പാടങ്ങൾ, ഏലം കൃഷി എന്നീ മേഖലകളിൽ ഘട്ടം ഘട്ടമായി ശാസ്ത്രീയമായ രീതിയിൽ കീടനാശിനിയുടെ ഉപയോഗം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വകുപ്പ് സ്വീകരിച്ചു വരുന്നതായും സമിതി വിലയിരുത്തുന്നു.

19. 'കീടനാശിനി കമ്പനികളുടെ ഫീൽഡ് വിസിറ്റേഴ്സ് ടേൺ ഓവർ വർദ്ധിപ്പിക്കുന്നതിനായി നിരോധിച്ചതും അല്ലാത്തതുമായ ടൺ കണക്കിന് കീടനാശിനികൾ ഏലം കർഷകർക്കു നൽകുകയും ആയത് കാരണം ഏലം കയറ്റുമതി ചെയ്യുമ്പോൾ കീടനാശിനിയുടെ അമിതമായ അളവ് ഉള്ളതിനാൽ ഉൽപന്നം തിരികെ അയയ്ക്കപ്പെടുന്ന സാഹചര്യം ഉണ്ടെന്നും ഏലം കൃഷി പൂർണ്ണമായും തകർച്ച നേരിടുന്ന സാഹചര്യം കണക്കിലെടുത്ത് കൃഷി വകുപ്പും ഏലം റിസർച്ച് സെന്ററും ചേർന്ന് സംസ്ഥാനത്തെ ഏലം കൃഷി കീടനാശിനി വിമുക്തമാക്കുന്നതിനും ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് രോഗപ്രതിരോധശേഷിയും ഉത്പാദനശേഷിയുമുള്ള ഇനങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. കൂടാതെ തേയിലത്തോട്ടങ്ങളിലും ചില കാഷ്യൂ പ്ലാന്റേഷനുകളിലും തോട്ടങ്ങളിലും അമിതമായ അളവിൽ നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്നതിനെതിരെ ശക്തമായ പരിശോധനകളും ബോധവൽക്കരണ നടപടികളും സ്വീകരിക്കണമെന്നും കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ഏലം, കുരുമുളക് തുടങ്ങിയ സുഗന്ധ വിളകൾക്ക് കയറ്റുമതിക്ക് അനുയോജ്യമായ നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴങ്ങളിലും പച്ചക്കറികളിലും ന്യൂജനറേഷൻ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ടെന്നും സാധാരണ കീടനാശിനിയുടെ പത്തിലൊരു ഭാഗം മതിയെന്നതിനാൽ കൃഷിക്കാർ ഇത് ധാരാളമായി ഉപയോഗിക്കുന്നുണ്ടെന്നും ബ്രെയിൻ സിസ്റ്റത്തെ സാരമായി ബാധിക്കുന്ന ഇത്തരം കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് ആവശ്യമായ സത്വരനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

22. ജൈവ ഉത്പന്നങ്ങൾക്ക് സ്റ്റാൻഡേർഡൈസേഷനും ലൈസൻസിംഗും ജി.എ.പി., പി.ജി.എസ്. സർട്ടിഫിക്കേഷനുകൾ ഉണ്ടെങ്കിലും ജൈവ വളങ്ങളുടെ ഉത്പാദനവുമായി ബന്ധപ്പെട്ട കാര്യത്തിൽ യാതൊരുവിധ നിയന്ത്രണങ്ങളോ മാനദണ്ഡങ്ങളോ നിയമങ്ങളോ നിലവിൽ ഇല്ല എന്ന് സമിതി നിരീക്ഷിച്ചു. ജൈവ വളങ്ങളുടെയും ജൈവ കീടനാശിനികളുടെയും സ്റ്റാൻഡേർഡ് നിശ്ചയിക്കേണ്ടതാണെന്ന് വിലയിരുത്തിയ സമിതി ആയത് നടപ്പിലാക്കുന്നതിനായി ഒരു സെൽ രൂപീകരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു.

23. ജൈവ വളങ്ങളുടെയും കീടനാശിനികളുടെയും ഉല്പാദനം നിയന്ത്രിക്കുന്നതിനും ഗുണനിലവാരം പരിശോധിക്കുന്നതിനുമായി കാർഷിക യൂണിവേഴ്സിറ്റിയുമായി സമന്വയിപ്പിച്ച് പ്രത്യേക പോസ്റ്റിംഗ് ഇല്ലാതെ നിലവിലുള്ള ഉദ്യോഗസ്ഥരെ വിന്യസിപ്പിച്ചുകൊണ്ട് ഒരു അതോറിറ്റി രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്നും പ്രസ്തുത വിഷയം ഹരിത കേരളം മിഷന്റെ യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുണ്ടെന്നും നിരീക്ഷിച്ച സമിതി, ആയത് സംബന്ധിച്ച തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിന് ശിപാർശ ചെയ്യുന്നു. കൂടാതെ നിയമവിരുദ്ധമായി കീടനാശിനികൾ ഉപയോഗിക്കുന്നത് കണ്ടെത്താൻ രൂപീകരിച്ചിട്ടുള്ള എൻഫോഴ്സ്മെന്റ് സെൽ ശക്തിപ്പെടുത്തണമെന്നും പരിശോധനകൾ കർശനമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

24. ജൈവ നയത്തിന്റെ ഭാഗമായി ഇക്കോളജിക്കൽ എഞ്ചിനീയറിംഗിൽ മിത്ര-ശത്രു കീടങ്ങളുടെ എണ്ണം കണ്ടെത്തി, അതിന്റെ അടിസ്ഥാനത്തിൽ മിത്ര കീടങ്ങളെ പ്രൊമോട്ട് ചെയ്യുന്ന ടെക്നോളജി, വിള സസ്യങ്ങളെ സംരക്ഷിക്കുന്നതിനായി കള സസ്യങ്ങളെ ഇല്ലാതാക്കുന്നതിനുള്ള പ്രകൃത്യാലുള്ള രീതികൾ, മണ്ണിന്റെ ഘടനയുടെ അടിസ്ഥാനത്തിൽ സോയിൽ ഹെൽത്ത് കാർഡ് പദ്ധതി എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായി

സമിതി നിരീക്ഷിച്ചു. 2018-19 ലെ സുഗന്ധവിള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിൽ ജൈവകീടരോഗ നിയന്ത്രണോപാധികളായ ട്രൈക്കോഡെർമ, വാം എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് 20,000 രൂപ വരെ സഹായം നൽകി വരുന്നതായും ഇത്തരത്തിലുള്ള 10 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഈ പദ്ധതിയിൽ 2.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും കർഷകർ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ/ജനശ്രീ തുടങ്ങിയ ഗ്രൂപ്പുകൾ കുരുമുളക് സമിതികൾ തുടങ്ങിയവയ്ക്ക് ഈ യൂണിറ്റുകൾ സ്ഥാപിച്ച് ജൈവനിയന്ത്രണ ഉപാധികൾ ഉണ്ടാക്കി കർഷകർക്ക് നൽകാവുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു.

25. വിള ആരോഗ്യപരിപാലന പദ്ധതിയുടെ ഭാഗമായി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേനയും വിള ആരോഗ്യ പരിപാലനത്തിൽ ഡിപ്ലോമ കോഴ്സ് ചെയ്ത കൃഷി ഓഫീസർമാർ പ്രവർത്തിക്കുന്ന കൃഷിഭവനുകളിലും ജൈവകീടരോഗ നിയന്ത്രണോപാധികൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കൃഷി വകുപ്പിന്റെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോകൺട്രോൾ ലാബ് മുഖേന കീടരോഗ നിയന്ത്രണത്തിനാവശ്യമായ സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, വെർട്ടിസിലിയം, ബ്യൂവേറിയ, എന്റമോ പാത്തോജനിക് നെമറ്റോഡ്സ് (EPN), പോച്ചോണിയ, ബാസിലസ് തുറിൻജിയെൻസിസ് തുടങ്ങിയവയും ട്രൈക്കോകാർഡുകളും ഉൽപ്പാദിപ്പിച്ച് നൽകുന്നതായും വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ വഴി കീടരോഗ നിയന്ത്രണോപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, ബ്യൂവേറിയ എന്നിവ കൂടാതെ പരാദ പ്രാണികളായ ബ്രോക്കോണിഡ്സ്, ബെതലിഡ്സ്, ട്രൈക്കോകാർഡുകൾ എന്നിവയും ഫിറമോൺ കെണികളും തയ്യാറാക്കി കർഷകർക്ക് നൽകുന്നുണ്ടെന്നും മങ്കൊമ്പിൽ പ്രവർത്തിക്കുന്ന കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽ നിന്ന് മേൽ സൂചിപ്പിച്ച ജൈവനിയന്ത്രണ ഉപാധികൾക്ക് പുറമേ വിവിധ ജൈവകീടനാശിനികളും ഉൽപ്പാദിപ്പിച്ച് നൽകി വരുന്നതായും സമിതി കണ്ടെത്തി. പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള ലാബുകളിലെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

26. മണ്ണിന്റെ ഘടനയുടെ അടിസ്ഥാനത്തിൽ, ഓരോ പ്രദേശത്തേയും മണ്ണ് പരിശോധിച്ച് മണ്ണിൽ, സിങ്ക്, കാൽസ്യം, ബോറോൺ, ഫോസ്ഫറസ് തുടങ്ങി ഏതു ധാതുവാണോ കുറവെന്ന് കണ്ടെത്തി മൈക്രോന്യൂട്രിയന്റ്സ് പ്രയോഗിച്ച് കൃത്യതാ കൃഷി നടത്തുമ്പോൾ ജൈവ വളം ഉപയോഗിച്ച് മണ്ണിനെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാൻ സാധിക്കുമെന്ന് വിലയിരുത്തിയ സമിതി നിലവിൽ 13 ലക്ഷം പേർക്ക് സോയിൽ ഹെൽത്ത് കാർഡ് നല്കിയിട്ടുണ്ടെന്നും 2019 മാർച്ച് മാസത്തോടെ 5 ലക്ഷം പേർക്കു കൂടി ഹെൽത്ത് കാർഡ് നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നും

നിരീക്ഷിച്ചു. സോയിൽ ഹെൽത്ത് കാർഡ് പ്രയോഗത്തിൽ വരുത്താൻ കഴിയും വിധം കർഷകർക്ക് അവബോധം ഉണ്ടാക്കുകയും സ്കീമുകൾ ഏകോപിപ്പിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. മണ്ണിലെ ജീവാണുക്കളുടെ കുറവുകൾ പരിഹരിക്കുന്നതിനുള്ള ജീവാണു വളങ്ങളുടെ ഉല്പാദനം വളരെ ചെറിയ യൂണിറ്റുകളിൽ മാത്രമാണുള്ളതെന്നും കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും ഇവ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും കൂടുതൽ പ്രദേശത്ത് അത്തരം യൂണിറ്റുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പാക്കേണ്ടതു ണ്ടെന്നും, കൂടാതെ കീടനാശിനി ഉപയോഗിക്കുന്നതിനു പകരം മിത്ര കീടങ്ങളെ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ തുടങ്ങേണ്ടതുണ്ടെന്നും സമിതി കരുതുന്നു.

28. പാക്കേജ് ഓഫ് പ്രാക്ടീസിനും കൃത്യമായ കാലയളവുകളിൽ പുതുക്കുന്നതിലും, ജൈവ കൃഷിക്കുതകുന്ന നൂതന സാങ്കേതിക വിദ്യകളും ജൈവപരിപാലന രീതിയിലധിഷ്ഠിതമായ കൃഷിയിലൂടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുവാൻ കഴിയുന്ന ഗവേഷണ പ്രവർത്തനങ്ങൾക്കും കാർഷിക സർവ്വകലാശാല നേതൃത്വം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. നിലവിൽ കൃഷി വകുപ്പിലെ 108 കൃഷി ഓഫീസർമാർക്ക് നാഷണൽ പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ ശാസ്ത്രീയ പരിശീലനം നല്കിയി ട്ടുണ്ടെന്നും ഘട്ടം ഘട്ടമായി എല്ലാ കൃഷി ഓഫീസർമാർക്കും പരിശീലനം നല്കുന്നതു വഴി പുതിയ ' പാക്കേജ് ഓഫ് പ്രാക്ടീസ് ' നടപ്പിലാക്കി ഓർഗാനിക് ഫാമിംഗ് ശാസ്ത്രീയമായി താഴെത്തട്ടിൽ നടപ്പിലാക്കാൻ കഴിയുമെന്നും അതുവഴി അനാവശ്യമായുള്ള കീടനാശിനി പ്രയോഗം കുറയ്ക്കാനും അഥവാ കീടനാശിനി ഉപയോഗിക്കേണ്ടിവന്നാൽ അതിന്റെ കൃത്യമായ അളവിൽ ഉപയോഗിക്കാനും സാധിക്കുമെന്നും സമിതി വിലയിരുത്തി. ഇപ്രകാരം സൂക്ഷ്മതല പരിപാലന രീതി അവലംബിക്കുമ്പോൾ കർഷകന്റെ ഉല്പാദന ചെലവ് കുറഞ്ഞ് ഉല്പാദനം വർദ്ധിക്കുമെന്നും ഉത്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ ഉൽപ്പന്നങ്ങൾ സുരക്ഷിതം ആയിരിക്കണമെന്ന ലക്ഷ്യത്തിനുവേണ്ടിയാണ് കൃഷി വകുപ്പ് പ്രവർത്തിക്കുന്നതെന്നും സമിതി വിലയിരുത്തി.

30. ജൈവ കൃഷി ചെയ്യുന്ന മണ്ഡലത്തിന് ജൈവ കാർഷിക മണ്ഡലം അവാർഡ് നല്കുന്നുണ്ടെന്നും 15 ലക്ഷം, 10 ലക്ഷം, 5 ലക്ഷം രൂപ വീതം സമ്മാന തുകയുള്ള അവാർഡ് നിയോജക മണ്ഡലത്തിലെ കാർഷിക പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന തിനായി അതാത് മണ്ഡലത്തിലെ എം.എൽ.എ. മാർക്കാണ് നല്കുന്നതെന്നും മണ്ഡല ത്തിലെ ക്ലസ്റ്ററുകളുടെ എണ്ണം, ഉല്പാദിപ്പിക്കുന്ന ഓർഗാനിക് ഉല്പന്നങ്ങളുടെ എണ്ണം, കൃഷി ചെയ്യുന്ന രീതി എന്നിവ പരിശോധിച്ചാണ് അവാർഡ് നല്കുന്നതെന്നും സമിതി നിരീക്ഷിച്ചു.

31. മൃഗ സമ്പത്ത് വർദ്ധിപ്പിക്കാതെ ജൈവ കൃഷി മുന്നോട്ട് കൊണ്ടു പോകാൻ കഴിയില്ല എന്നതാണ് ഏറ്റവും വലിയ വെല്ലുവിളിയെന്ന് വിലയിരുത്തിയ സമിതി മൃഗസംരക്ഷണ വകുപ്പും കൃഷി വകുപ്പും തമ്മിൽ ഇക്കാര്യത്തിൽ ഏകീകരണം ഉണ്ടാവണമെന്ന് നിർദ്ദേശിക്കുന്നു. മൃഗസമ്പത്ത് വർദ്ധിപ്പിക്കുന്നതു മുഖേന ജൈവകൃഷി വളരെ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിക്കുമെന്നും മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ഓരോ കർഷകനും പശുവും തൊഴുത്തും നല്കി, പശുക്കളുടെ മൂത്രവും ചാണകവുമൊക്കെ വേർതിരിച്ച് ശേഖരിച്ച് ജീവാണു വളമാക്കി മാറ്റുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ കേരളത്തിൽ നടപ്പിലാക്കാൻ സാധിക്കണമെന്നും അതിനുവേണ്ടി കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ ശരിയായ ഏകോപനം ആവശ്യമാണെന്നും സമിതി കരുതുന്നു.

32. മണ്ണിനും മണ്ണിന്റെ ഘടനയ്ക്കുമുണ്ടായ മാറ്റങ്ങളിൽ നിന്ന് അതിനെ തിരികെ ജൈവ സമ്പുഷ്ടമാക്കി മാറ്റാനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ച് വരുന്നതായും ഇക്കോളജിക്കൽ എഞ്ചിനീയറിംഗിന്റെ ഭാഗമായി നെൽപാടങ്ങൾക്കുചുറ്റും ചെണ്ടുമല്ലി, മാരിഗോൾഡ്, ചോളം തുടങ്ങിയ ചെടികൾ വച്ചു പിടിപ്പിക്കുന്നതു വഴി മിത്ര കീടങ്ങളെ ആകർഷിക്കാനും കീടനാശിനിയുടെ ഉപയോഗം കുറയ്ക്കാൻ സാധിക്കുമെന്നും അപ്രകാരം ഉല്പാദനം കുറയ്ക്കാതെ കർഷകരെ ബോധവൽക്കരിച്ചു കൊണ്ട് ശാസ്ത്രീയമായ രീതിയിൽ ജൈവ കാർഷിക നയം സ്വീകരിച്ചാൽ മാത്രമേ സുസ്ഥിരമായ വളർച്ച സാധിക്കുകയുള്ളുവെന്നും സമിതി നിരീക്ഷിച്ചു. ജൈവ കൃഷി പടിപടിയായി മാത്രമേ അവലംബിക്കാൻ കഴിയുകയുള്ളൂവെന്നും ഒറ്റയടിക്ക് നടപ്പിലാക്കി ഉൽപ്പാദനം കുറയ്ക്കാതെ കർഷകരിൽ അവബോധം സൃഷ്ടിച്ചുകൊണ്ട് ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കാൻ ജൈവ കാർഷിക നയം സ്വീകരിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

33. കേരള ജൈവവൈവിധ്യം എന്നു പറയുന്നത് വിവിധ തരത്തിലെ നാടൻ വിത്തുകളും ജൈവകൃഷി രീതികളുമാണെന്നും ഹൈബ്രിഡ് വിത്തുകൾ കെമിക്കൽ മാനേജ്മെന്റ് വഴി വികസിപ്പിക്കുന്നവയാകയാൽ രാസവളങ്ങളും രാസകീടനാശിനികളും ഉപയോഗിച്ചാൽ മാത്രമേ പ്രതീക്ഷിക്കുന്ന വിളവ് ലഭിക്കുകയുള്ളൂവെന്നും സർവ്വകലാശാലകൾ വികസിപ്പിച്ചെടുക്കുന്ന മിക്ക വിത്തുകളും ഇത്തരത്തിലുള്ളവയാണെന്നും സമിതി നിരീക്ഷിച്ചു. ഹൈബ്രിഡ് വിത്തുകളിൽ നിന്നും ജൈവവളം ഉപയോഗിച്ച് ഉദ്ദേശിക്കുന്ന രീതിയിലുള്ള വിളവ് ലഭിക്കാത്തതിനാൽ ഓർഗാനിക് രീതിയിൽ തന്നെ വിത്തുകൾ വികസിപ്പിച്ചെടുക്കേണ്ടതാണെന്ന് സമിതി നിരീക്ഷിച്ചു. ഇത്തരത്തിൽ കാർഷിക സർവ്വകലാശാല വികസിപ്പിച്ചിട്ടുള്ള സലൈൻ റെസിസ്റ്റന്റായിട്ടുള്ള ഏഴോം വിത്ത് കൈപ്പാട് മേഖലയിൽ കൃഷി ചെയ്തുവരുന്നുവെന്നും എന്നാൽ പച്ചക്കറി വിത്തുകളൊന്നും തന്നെ ഇത്തരത്തിൽ വികസിപ്പിച്ചെടുത്തിട്ടില്ല എന്നും കണ്ടെത്തിയ സമിതി ജൈവകൃഷി അടിസ്ഥാനത്തിൽ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്ന നല്ല പച്ചക്കറി വിത്തുകൾ

വികസിപ്പിക്കേണ്ടതുണ്ടെന്ന് നിരീക്ഷിച്ചു. ഇത്തരത്തിലുള്ള ഗവേഷണം കാർഷിക സർവ്വകലാശാല നടപ്പാക്കണമെന്നും ജൈവകൃഷി രീതിയിലേക്ക് മാറുന്നതിനാവശ്യമായ ഗവേഷണങ്ങൾ സർവ്വകലാശാലകൾ പ്രോത്സാഹിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

34. കേരളത്തിലുണ്ടായിരുന്ന നാടൻ വിത്തുകളിൽ 40-45 തരം വിത്തുകൾ VFPCK തിരിച്ചറിഞ്ഞിട്ടുണ്ടെന്നും അവ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആരംഭിച്ചുവെന്നും വടക്കൻ മലബാറിലും വയനാട്ടിലുമുള്ള ഇരുന്നൂറോളം വരുന്ന പരമ്പരാഗത വിത്തിനങ്ങൾ കൃഷി ചെയ്യുന്നവരുടെ ഡയറക്ടറി തയ്യാറാക്കി, അവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടത്തുന്നുണ്ടെന്നും വിലയിരുത്തിയ സമിതി വിത്ത് ബാങ്ക് രൂപീകരിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി അമ്പലവയലിൽ 108 തരം നെൽവിത്തുകൾ കൃഷി ചെയ്തിട്ടുണ്ടെന്നും യൂണിവേഴ്സിറ്റിയിൽ സൂക്ഷിച്ചിട്ടുള്ള 800-ലധികം വിത്തുകളുടെ ജെംപ്ലാസം ഉപയോഗിച്ച് വിത്ത് ഉല്പാദിപ്പിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ കൃഷി വകുപ്പിന്റെ സജീവ പരിഗണനയിലാണെന്നും കണ്ടെത്തി. ഇത്തരത്തിൽ പരമ്പരാഗത നെൽ വിത്തുകളും മറ്റ് വിത്തുകളും സംരക്ഷിക്കുന്നതിന് ഉതകുന്ന രീതിയിലുള്ള വിത്ത് ബാങ്ക് സ്ഥാപിക്കുന്നതിനുള്ള തീരുമാന പ്രകാരം കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി ക്യാമ്പസ്സിൽ തറക്കല്ലിട്ട വിത്ത് ബാങ്കിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

35. ജൈവകൃഷി ഫലപ്രദവും പ്രായോഗികവുമാകണമെങ്കിൽ വിത്തുകൾ അനുയോജ്യവും ഉത്പാദനക്ഷമതയുള്ളതുമാകേണ്ടതുണ്ട്. സംസ്ഥാനത്ത് സർക്കാർതലത്തിലും മറ്റ് ഏജൻസികൾ വഴിയും വിതരണം ചെയ്യുന്ന വിത്തുകൾ പ്രത്യേകിച്ച് പച്ചക്കറി വിത്തുകൾ കൃഷി ചെയ്യുന്ന കർഷകർ വഞ്ചിതരാകാതിരിക്കാൻ, ടി വിത്തുകളുടെ ഗുണമേന്മ പരിശോധിക്കേണ്ടതുണ്ട്. ആയതിനാൽ സംസ്ഥാനത്ത് വിതരണം/വിപണനം ചെയ്യപ്പെടുന്ന വിത്തുകളുടെ സാമ്പിൾ ശേഖരിച്ച് ഗുണമേന്മ ഉറപ്പുവരുത്താൻ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. കേരളത്തിലെ പരമ്പരാഗതമായിട്ടുള്ള കാർഷിക ഉല്പന്നങ്ങൾക്ക് ജി. ഐ. രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി മറയൂർ ശർക്കര, ചങ്ങാലിക്കോടൻ നേന്ത്രവാഴ, വട്ടവടയിലുണ്ടാക്കുന്ന വെളുത്തുള്ളി, തിരൂർ വെറ്റില തുടങ്ങി 17 ഇനങ്ങൾ ജി. ഐ. രജിസ്ട്രേഷനായി കൊടുത്തിട്ടുള്ളതിൽ മൂന്നെണ്ണത്തിന് രജിസ്ട്രേഷൻ കിട്ടിയിട്ടുണ്ടെന്നും കേരളത്തിലെ ഓരോ പ്രദേശത്തുമുള്ള പ്രത്യേകമായ കാർഷിക വിഭവങ്ങൾക്ക് ജി. ഐ. രജിസ്ട്രേഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ കൃഷി വകുപ്പിന്റെ സഹായത്തിൽ കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള IPR

സെല്ലിൽ തുടർന്നുവരുന്നതായും സമിതി വിലയിരുത്തി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജി. ഐ. രജിസ്ട്രേഷൻ നടത്തുന്നത് കേരളത്തിൽ നിന്നാണെന്ന് നിരീക്ഷിച്ച സമിതി 10 വർഷം കഴിയുമ്പോൾ ലോകത്ത് ഓർഗാനിക് രീതിയിൽ ഉത്പാദിപ്പിച്ചിട്ടുള്ള നാടൻ ഇനങ്ങൾക്കായിരിക്കും ഡിമാന്റ് ഉണ്ടാവുക എന്ന് അഭിപ്രായപ്പെട്ടു. കേരളത്തിലെ തനത് കാർഷിക ഉല്പന്നങ്ങൾക്ക് ജി. ഐ. രജിസ്ട്രേഷൻ ലഭിക്കുന്നത് വലിയ നേട്ടമായിരിക്കും എന്ന് അഭിപ്രായപ്പെട്ട സമിതി ജി. ഐ. രജിസ്ട്രേഷൻ ലഭിച്ചു കഴിഞ്ഞാൽ കൂടുതൽ വിപണനത്തിനും അതുവഴി വർദ്ധിച്ച ലാഭമുണ്ടാക്കാനും കഴിയുമെന്ന് പ്രത്യാശിക്കുന്നു.

വി. എസ്. സുനിൽ കുമാർ,
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി I.

തിരുവനന്തപുരം,
2018 ഡിസംബർ 12.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.